**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3961** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഡ്യൂട്ടിക്ക് പോകുന്ന യാത്രാ മദ്ധ്യേ സംഭവിക്കുന്ന അപകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായുള്ള യാത്രാമദ്ധ്യേ പോലീസ് ഉദ്യോഗസ്ഥർക്ക് സംഭവിക്കുന്ന അപകടങ്ങളെ തുടർന്നുള്ള ചികിൽസക്ക് കെ.എസ്.ആർ റൂൾ 103 അനുസരിച്ചുള്ള ഹോസ്പിറ്റൽ ലീവ് അനുവദിക്കുന്നതിൽ പല ജില്ലകളിലും പല തരത്തിലുള്ള നിലപാടുകളും ജില്ലാ പോലീസ് മേധാവികൾ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസുകളിൽ നീതിപൂർവ്വമായ സമീപനം സ്വീകരിക്കുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുമോ; | (എ) | ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായുണ്ടാകുന്ന അപകടസാധ്യത കാരണം സംഭവിക്കുന്ന ശാരീരിക അവശതയോ അതുമൂലം ഉണ്ടാകുന്ന ഏതെങ്കിലും രോഗമോ ചികിത്സിച്ച് ഭേദമാക്കുന്നതിനായിട്ടാണ് കെ.എസ്.ആർ. ഭാഗം ഒന്നിലെ ചട്ടം 103 പ്രകാരം ആശുപത്രി അവധി അനുവദിച്ച നൽകുന്നത്. ഡ്യൂട്ടിക്കിടെയുണ്ടാകുന്ന അപകടങ്ങളിൽ ചികിത്സയ്ക്ക് വിധേയമാകുന്നവർക്ക് പൂർണ്ണമായ ശമ്പളവും അലവൻസുകളും ലഭിക്കും വിധം കെ.എസ്.ആർ ഭാഗം 1 ചട്ടം 104 എ യിൽ ആവശ്യമായ ഭേദഗതി വരുത്തി 22.11.2023 ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആശുപത്രി അവധി അനുവദിച്ച നൽകുന്ന സാഹചര്യം സംബന്ധിച്ച് 12.04.2024-ലെ E5-8698/2023/PHQ നമ്പർ കത്ത് മുഖാന്തിരം പോലീസ് ആസ്ഥാനത്ത് നിന്നും വ്യക്തമായ നിർദ്ദേശം എല്ലാ യൂണിറ്റ് മേധാവിമാർക്കും നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ അപേക്ഷ നൽകിയ പോലീസ് ഉദ്യോഗസ്ഥയുടെ അവധി അപേക്ഷ എറണാകുളം സിറ്റി പോലീസ് കമ്മീഷണർ നിരസിച്ചതിനെ തുടർന്ന് പ്രസ്തുത ഉദ്യോഗസ്ഥ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഓ.എ ഇ.കെ.എം 1911/2022 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേസ് ഫയൽ ചെയ്തു എന്ന കാരണത്താൽ പ്രസ്തുത ഉദ്യേഗസ്ഥയുടെ 2022 സെപ്റ്റംബർ മാസത്തെ ശമ്പളവും ആനുകൂല്യങ്ങളും കൊച്ചി സിറ്റി പോലീസ് കമ്മീഷണർ തടഞ്ഞുവച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കമ്മീഷണറുടെ നടപടി പുനപരിശോധിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (ബി) | 2022 സെപ്റ്റംബർ മാസത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തടഞ്ഞുവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്ന് സമർപ്പിച്ചുവെന്ന് അറിയിക്കാമോ; പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലെങ്കിൽ ആയത് സമർപ്പിക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ? | (സി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എതിർ സത്യവാങ്മൂലം സമർപ്പിക്കുന്നതിനുള്ള കാര്യവിവരണ പത്രിക 26.03.2024 തീയതിയിലെ പി4/22/2023-ആഭ്യന്തരം നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറലിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ